2026
JANUARY
15
THURSDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഇറാൻ പ്രക്ഷോഭം; ബസുമതി കയറ്റുമതി പ്രതിസന്ധിയിൽ

**ന്യൂഡൽഹി:** ഇറാനിലെ സർക്കാർ വിരുദ്ധ ജനകീയ പ്രക്ഷോഭം ഇന്ത്യയിൽനിന്നുള്ള ബസുമതി അരി കയറ്റുമതിയെ ബാധിച്ചു തുടങ്ങിയതായി വ്യവസായ സംഘടന. ഇതേത്തുടർന്ന് ഇന്ത്യയിൽ അരി വില കുത്തനെ ഇടിയാൻ കാരണമായതായും വ്യവസായ സംഘടന അറിയിച്ചു. പ്രക്ഷോഭത്തെത്തുടർന്നു പണം ലഭിക്കാനുള്ള കാലതാമസവും വർധിച്ചുവരുന്ന അനിശ്ചിതത്വവും കയറ്റുമതിക്കാരെ പ്രതിസന്ധിയിലാക്കുകയാണെന്ന് സംഘടന വ്യക്തമാക്കി.

ഇറാനുമായുള്ള വ്യാപാരക്കരാറുകളിലെ അപകടസാധ്യതകൾ പുനഃപരിശോധിക്കണമെന്നും സുരക്ഷിതമായ പണമിടപാട് രീതി സ്വീകരിക്കണമെന്നും ഇന്ത്യൻ റൈസ് എക്സ്പോർട്ടേഴ്സ് ഫെഡറേഷൻ (ഐആർഇഎഫ്) കയറ്റുമതിക്കാർക്ക് നിർദേശം നല്കി. ഇറാൻ വിപണി ലക്ഷ്യമിട്ട് അമിതമായി അരി ശേഖരിച്ചുവയ്ക്കുന്നതിനെതിരേ സംഘടന മുന്നറിയിപ്പ് നൽകി. 2025-26 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ നവംബർ വരെ ഇന്ത്യയിൽനിന്ന് ഇറാനിലേക്ക് 468.10 മില്യൺ ഡോളർ മൂല്യമുള്ള 5.99 ലക്ഷം ടൺ ബസുമതി അരി കയറ്റിയയച്ചു. ഇന്ത്യയുടെ ഏറ്റവും വലിയ ബസുമതി അരി വിപണിയാണ് ഇറാൻ. എന്നാൽ, നടപ്പു സാമ്പത്തിക വർഷം ഇറാനിലെ സാമ്പത്തിക, രാഷ്ട്രീയ അസ്ഥിരതകാരണം ഓർഡറുകൾ ലഭിക്കുന്നതിനും പണമിടപാടുകളിലും കപ്പൽ ഗതാഗതത്തിലും വലിയ തോതിൽ തടസങ്ങളുണ്ടായി.



2024-25ൽ ഇന്ത്യ 8897 കോടി രൂപ മൂല്യത്തിലുള്ള കാർഷിക ഉത്പന്നങ്ങളാണ് ഇറാനിലേക്ക് കയറ്റിയയച്ചത്. ബസുമതി അരിയിൽ നിന്ന് മാത്രം 6374 കോടി രൂപ ലഭിച്ചു. കഴിഞ്ഞ സാമ്പത്തികവർഷം ഇന്ത്യയുടെ മൊത്തം ബസുമതി അരി കയറ്റുമതിയിൽ ഇറാന്റെ പങ്ക് 12.7 ശതമാനമാണ്. മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറവായിരുന്നു.

ഇറാൻ നാണയം റിയാലിന്റെ മൂല്യം ഡോളറിനെതിരേ റിക്കാർഡ് താഴ്ചയിലായതിനാൽ പണമിടപാട് പ്രതിസന്ധിയിലാണ്. 2000 കോടി രൂപവരെയുള്ള ബസുമതി അരി ചരക്കുകൾ ഗുജറാത്തിലെ കണ്ട്ല, മുന്ദ്ര തുറമുഖങ്ങളിൽ കെട്ടിക്കിടക്കുകയാണ്.

ഇറാനിലേക്കുള്ള കയറ്റുമതി പ്രതിസന്ധിയിലായതിന്റെ ആഘാതം ഇന്ത്യൻ വിപണി നേരിടുകയാണ്. രാജ്യത്ത് പ്രധാന ബസുമതി അരി ഇനങ്ങളുടെ വില കുത്തനെ ഇടിഞ്ഞു. അരി വാങ്ങാൻ വ്യാപാരികൾ കാണിക്കുന്ന വിമുഖതയും കരാറുകൾ വൈകുന്നതും കയറ്റുമതിക്കാർക്കിടയിൽ വർധിച്ചുവരുന്ന ആശങ്കകളുമാണ് വിലയിടിവിനു കാരണമായിരിക്കുന്നത്.

കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ പ്രധാന അരിയിനങ്ങളുടെ വില കിലോയ്ക്ക് അഞ്ചു മുതൽ പത്തു രൂപ വരെ കുറഞ്ഞു. ബസുമതി അരിയിനം 1121ന്റെ വില കഴിഞ്ഞയാഴ്ച കിലോയ്ക്ക് 85 രൂപയിൽനിന്ന് 80ലെത്തി. 1509ന്റെയും 1718ന്റെ വില 70 രൂപയിൽനിന്ന് 65ലെത്തി.

# ട്രംപിന്റെ ഭീഷണി ഇന്ത്യയ്ക്കെതിരെ ഏശില്ലെന്ന് കേന്ദ്രം

**ന്യൂഡൽഹി:** ഇറാനുമായി വ്യാപാരം നടത്തുന്ന രാജ്യങ്ങൾക്കുമേൽ 25% തീരുവ ചുമത്തുമെന്ന യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ പ്രഖ്യാപനം ഇന്ത്യയെ കാര്യമായി ബാധിക്കില്ലെന്നാണ് കേന്ദ്രസർക്കാരിന്റെ വിലയിരുത്തൽ. ഇന്ത്യയുടെ ടോപ് 50 വ്യാപാരപങ്കാളികളുടെ പട്ടികയിൽ ഇറാനില്ല.

ഓരോ വർഷവും കഴിയുമ്പോൾ ഇന്ത്യയും ഇറാനും തമ്മിലുള്ള വ്യാപാരം കുറയുകയാണ്. കോവിഡിനു മുൻപ് പ്രതിവർഷം 1,500 കോടി ഡോളറിന്റെ വ്യാപാരമുണ്ടായിരുന്നെങ്കിൽ കഴിഞ്ഞ സാമ്പത്തികവർഷമിത് 160 കോടി ഡോളറായി കുറഞ്ഞു. ഇത് ഇന്ത്യയുടെ മൊത്തം വ്യാപാരത്തിന്റെ 1.5% മാത്രമാണ്. നടപ്പുസാമ്പത്തിക വർഷം ഇതു വീണ്ടും കുറയാനിടയുണ്ടെന്നാണ് കേന്ദ്രസർക്കാർ വൃത്തങ്ങൾ സൂചിപ്പിക്കുന്നത്. മുൻപ് ഇറാനിൽ നിന്ന് കാര്യമായി ക്രൂഡോയിൽ ഇറക്കുമതിയുണ്ടായിരുന്നു. യുഎസ് ഏർപ്പെടുത്തിയ ഉപരോധത്തിനു പിന്നാലെ പിന്നീടിത് കുറഞ്ഞു.

ഇറാനിലേക്ക് ഏറ്റവും കൂടുതൽ കയറ്റുമതി നടത്തുന്നത് യുഎഇ ആണ്, 6,800 കോടി ഡോളർ. ഇറാൻ ഇറക്കുമതി ചെയ്യുന്നതിൽ 30 ശതമാനവും യുഎഇയിൽ നിന്നാണ്. ചൈന, തുർക്കി, യൂറോപ്യൻ യൂണിയൻ തുടങ്ങിയവയാണ് തൊട്ടുപിന്നിൽ.

# ആഗോള സുഗന്ധവ്യഞ്ജന സമ്മേളനം; കേരളം വേദിയാകുന്നു

**കൊച്ചി:** ആഗോള സുഗന്ധവ്യഞ്ജനങ്ങൾ വ്യവസായത്തിന്റെ ഭാവി ചർച്ച ചെയ്യുന്നതിനായി ഓൾ ഇന്ത്യ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറം (എ.ഐ. എസ്.ഇ.എഫ്) സംഘടിപ്പിക്കുന്ന ഒൻപതാമത് അന്താരാഷ്ട്ര സുഗന്ധവ്യഞ്ജന സമ്മേളനം (ഐ.എസ്.സി. 2026) ഫെബ്രുവരി 23 മുതൽ 26 വരെ കൊച്ചിയിൽ നടക്കും. 'സ്പൈസ് 360 ഭാവിക്ക് സജ്ജമാകാം' എന്നതാണ് സമ്മേളനത്തിന്റെ പ്രമേയം. ഫെബ്രുവരി 23ന് വൈകിട്ട് 5 മണിക്ക് നടക്കുന്ന ഉദ്ഘാടന സമ്മേളനം മുൻ ജി20 പ്രതിനിധിയും നിതി ആയോഗിന്റെ മുൻ മേധാവിയുമായ അമിതാഭ് കാന്ത് ഉദ്ഘാടനം ചെയ്യും. ഭക്ഷണ,കാർഷിക വ്യവസായ മേഖലയിലെ ഭാവി സാധ്യതകളെക്കുറിച്ച് അദ്ദേഹം മുഖ്യപ്രഭാഷണം നടത്തും. പ്രകൃതിദത്ത ഭക്ഷണ നിറങ്ങളുടെ ആഗോള ഉത്പാദകരായ ഒറ്റെറയുടെ മേധാവി മാർട്ടിൻ സോൺടാഗ് മുഖ്യാതിഥിയായി പങ്കെടുക്കും.

ആഗോള വ്യാപാര രംഗത്തെ മാറ്റങ്ങളും അനിശ്ചിതത്വങ്ങളും മുൻനിർത്തി വളർച്ചയും പ്രതിരോധ രീതികളും സുസ്ഥിരതയും പുനരാവിഷ്കരിക്കാൻ സമ്മേളനം അവസരം ഒരുക്കുമെന്ന് എ.ഐ. എസ്.ഇ.എഫ് ചെയർമാൻ ഇമ്മാനുവൽ നമ്പുശ്ശേരിൽ പറഞ്ഞു, വ്യാപാര, കാലാവസ്ഥാ വെല്ലുവിളികൾ നേരിടുന്നതിനും സാങ്കേതിക നവീകരണം സ്വീകരിക്കുന്നതിനും ശക്തമായ വിതരണ ശൃംഖലകൾ നിർമ്മിക്കുന്നതിനുമാണ് സമ്മേളനം ഊന്നൽ നൽകുന്നതെന്ന് വൈസ് ചെയർമാൻ നിഷേഷ് ഷാ പറഞ്ഞു. സമീപകാലത്തുണ്ടായ ആഗോള വ്യാപാര തടസ്സങ്ങൾ ഇന്ത്യൻ കയറ്റുമതിക്കാരെ വിപണി വൈവിധ്യമാക്കാനും, ആസിയാൻ രാജ്യങ്ങളുമായി ബന്ധം ശക്തിപ്പെടുത്താനും, മൂല്യവർധിത ഉൽപ്പന്നങ്ങളിൽ കൂടുതൽ ശ്രദ്ധ നൽകാനും പ്രേരിപ്പിച്ചതായി സംഘാടകർ പറഞ്ഞു. ഇത്തരം ഭാവി ലക്ഷ്യമാക്കിയുള്ള സമീപനങ്ങളാണ് സമ്മേളനത്തിലെ പ്രധാന ചർച്ചകൾ. ഉദ്ഘാടന സമ്മേളനത്തിന് പിന്നാലെ അന്താരാഷ്ട്ര ധാരണാപത്രങ്ങൾ കൈമാറൽ, പ്രദർശനത്തിന്റെ ഉദ്ഘാടനം, അവാർഡ് സമർപ്പണം എന്നിവ നടക്കും. തുടർന്നുള്ള മൂന്ന് ദിവസങ്ങളിൽ വ്യാപാര ചർച്ചകളും സംവാദ വേദികളും സഹകരണ യോഗങ്ങളും നടക്കും.

ഫെബ്രുവരി 26ന് കർണാടക ആഗ്രികൾച്ചർ പ്രൈസ് കമ്മീഷൻ ചെയർമാൻ അശോക് ദൽവായ് വിതരണ ശൃംഖലയുടെ ഭാവി സുരക്ഷയെക്കുറിച്ച് മുഖ്യപ്രഭാഷണം നടത്തും. ടാമാസ് സാർകാഡി, മാത്യു ഗ്യുമാസ്, കമേഷ് എല്ലജോസ്യുല, ലോറ ഷുമോ, ആൻഡ്രേ കിച്ച് തുടങ്ങിയ അന്താരാഷ്ട്ര വിദഗ്ധരും സമ്മേളനത്തിൽ സംസാരിക്കും. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രമുഖ വിദഗ്ധർ പ്രതിനിധികളായി പങ്കെടുക്കും. പുതിയ സാങ്കേതിക വിദ്യകൾ, നവീകരണങ്ങൾ, സുസ്ഥിരതയും കാലാവസ്ഥാ പ്രതിരോധ ശേഷിയും, ഗുണനിലവാര ഉറപ്പുവരുത്തൽ, വിപണി വിവരശേഖരണം, വ്യാപാര പരിവർത്തനം എന്നിവ സമ്മേളനത്തിൽ സുപ്രധാന ചർച്ചാവിഷയങ്ങളാവും. കൃത്രിമ ബുദ്ധി പ്രയോജനപ്പെടുത്തിയുള്ള കൃഷി, പ്രിസിഷൻ ഫാർമിങ്ങ്, ആധുനിക സംസ്കരണ സാങ്കേതിക വിദ്യകൾ, കാലാവസ്ഥാ സൗഹൃദ ഉറവിടങ്ങൾ, മാറുന്ന ആഗോള നിയമ സാഹചര്യങ്ങൾ എന്നിവയെക്കുറിച്ചും പ്രത്യേക സെഷനുകൾ നടക്കും.






# ഇന്നത്തെ പരിപാടികൾ

## കൊച്ചിമുസിരിസ് ബിനാലെ

### ഫോർട്ട് കൊച്ചി

- **ബാസ്റ്റ്യൻ ബംഗ്ലാവ്, പവലിയൻ:** പ്രഭാഷണം രാവിലെ 10.30 മുതൽ, അൽകാസി തിയേറ്റർ ആർക്കൈവ്സ് അവതരിപ്പിക്കുന്ന 'ട്രേസ് ഓൺ ടൈം: ഫോട്ടോഗ്രാഫ് ഒരു തെളിവ്' വൈകുന്നേരം 06 ന്
- **ആസ്പിൻവാൾ ഗാർഡൻ:** സംഗീത പരിപാടി വൈകുന്നേരം 04 മുതൽ

### കൊച്ചി

- **ഹോട്ടൽ റിണൈ കൊച്ചി:** സന്തോഷ് ട്രോഫി ടീം പ്രഖ്യാപനം രാവിലെ 11.30
- **എറണാകുളം പ്രസ് ക്ലബ്ബ്:** കെഇആർഎപിഇഎക്സ് കേരള ഫിലാടെലിക് എക്സിബിഷൻ വാർത്താ സമ്മേളനം രാവിലെ 11.45, മിൽമ ചെയർമാൻ വാർത്താ സമ്മേളനം 12 മണി, ജനതാദൾ എസ് സംസ്ഥാന കമ്മിറ്റി വാർത്താ സമ്മേളനം 12.15
- **എറണാകുളം ഡിസിസി:** വിജയോൽസവം 2026 അവലോകന യോഗം ഉദ്ഘാടനം കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫ് വൈകുന്നേരം 3 മണി
- **എറണാകുളം ഗ്രാന്റ് ഹയാത്ത്:** കെ.എം.എ ഇന്റർനാഷണൽ ആനുവൽ മാനേജ്മെന്റ് കൺവെൻഷൻ ഉദ്ഘാടനം കേന്ദ്രമന്ത്രി നിതിൻ ഗഡ്ഗരി വൈകിട്ട് 5.30

### തേവര

- **തേവര സേക്രഡ് ഹാർട്ട് കോളേജ് :** ഹാർട്ടിയൻ വിമൺ കോൺക്ലേവ് 2016 – ഉദ്ഘാടനം ഡോ. ടെസ്സി തോമസ് – രാവിലെ 10 മണിക്ക്.

### ഇടപ്പള്ളി

- **ചങ്ങമ്പുഴ സ്മാരക ഗ്രന്ഥ ഹാൾ:** മനപ്പോരാട്ടങ്ങളുടെ സൗന്ദര്യ ശാസ്ത്രം പുസ്തക പ്രകാശനം ഡോ. സെബാസ്റ്റ്യൻ പോൾ വൈകിട്ട് 06 ന്

### കാലടി

- **കാലടി സംസ്കൃതസർവ്വകലാശാല:** ദ്വിദിന ചരിത്ര സെമിനാർ രാവിലെ 10 ന്
- **മറ്റൂർ സെന്റ് ജോർജ്ജ് പാരിഷ് ഹാൾ:** റോജി എം. ജോൺ എംഎൽഎയുടെ നേതൃത്വത്തിൽ പൈതൃകോൽസവം രാവിലെ 10 ന്

### ആലുവ

- **ആലുവ ചൂർണിക്കര ദേവാങ്കണം:** ചിത്രകാരൻ എം.വി ദേവൻ സ്മാരക പുരസ്കാര സമർപ്പണം ആർടിസ്റ്റ് മദനന് വൈകുന്നേരം 05.30 ന്



# വളകിലുക്കത്തിന്റെ അൻപതാമാണ്ട് ; വിപുലമായ ആഘോഷങ്ങൾക്ക് ഒരുങ്ങി തേവര കോളേജ്

**കൊച്ചി:** 1975ൽ പെൺകുട്ടികൾക്ക് പ്രവേശനം കൊടുത്തതിന്റെ അൻപതാം വാർഷികത്തോടനുബന്ധിച്ച് വിപുലമായ ആഘോഷങ്ങൾക്ക് ഒരുങ്ങി തേവര സേക്രഡ് ഹാർട്ട് കോളേജ്. പെൺകുട്ടികൾക്ക് അഡ്മിഷൻ കൊടുത്ത് തുടങ്ങിയതിന്റെ അൻപതാം വാർഷികത്തോടനുബന്ധിച്ച് ഇന്ന് 'ഹാർട്ടിയൻ വിമൺ കോൺക്ലേവ് 2026' സംഘടിപ്പിക്കുന്നു. കോളേജ് മെയിൻ ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്ന കോൺക്ലേവിന്റെ ഉദ്ഘാടനം 'ഇന്ത്യയുടെ മിസൈൽ വനിത /അഗ്നിപുത്രി' എന്നറിയപ്പെടുന്ന ശാസ്ത്രജ്ഞ ഡോ. ടെസ്സി തോമസ് നിർവഹിക്കും. എസ്. എച്ച് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ മാനേജർ ഫാ. വർഗീസ് കാച്ചപ്പിള്ളി ചടങ്ങിൽ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൊച്ചി മേയർ അഡ്വ. മിനിമോൾ വി കെ, അതിഥിയായിരിക്കും. 1975–2025 കാലയളവിൽ കോളേജിൽ പഠിച്ച 50 പൂർവ്വ വിദ്യാർത്ഥിനികളെ വേദിയിൽ ആദരിക്കും. പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ യങ് കമ്മ്യൂണിക്കേറ്റേഴ്സ് ക്ലബ് എസ്. എച്ച് ചാപ്റ്ററിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന വിമൺ സ്റ്റാർട്ട്അപ്പ് 'ഫിവാക് ' ന്റെ ലോഗോ ഡോ. ടെസ്സി തോമസ് പ്രകാശനം ചെയ്യും. തേവര സേക്രഡ് ഹാർട്ട് കോളജിന്റെ വാർഷികാഘോഷമായ കൾച്ചറൽ മെഗാ ഇവന്റ് 'ഹാർട്ടി ഫെസ്റ്റ്' ജനുവരി 17 ന് കോളേജ് ലേക്ക് വ്യൂ ഗ്രൗണ്ടിൽ നടക്കും. വൈകുന്നേരം നാലിന് പൂർവ്വവിദ്യാർത്ഥി-അദ്ധ്യാപക സംഗമം നടത്തും.

തുടർന്ന് വൈകീട്ട് 6 മണിക്ക് 'ലേക്ക് വ്യൂ ഗ്രൗണ്ടി'ൽ മെഗാ കൾച്ചറൽ ഇവന്റ് ഷോ നടക്കും.കേരള ചലച്ചിത്ര അക്കാദമി ചെയർമാൻ റസൂൽ പൂക്കുട്ടി, സംവിധായകൻ അരുൺ ഡോമിനിക്, ഗായികയും ഇത്തവണത്തെ സംസ്ഥാന അവാർഡ് ജേതാവുമായ സെബ ടോമി എന്നിവർ വിശിഷ്ഠ അതിഥികളായിരിക്കും. 80 വയസ്സ് തികഞ്ഞ കോളേജിലെ പൂർവ്വ അധ്യാപകരെ ആദരിക്കുന്ന 'ഗുരു വന്ദനം' പരിപാടിയിൽ പ്രൊഫ. കെ വി തോമസ്, പ്രൊഫ. പി ജെ സിറിയക്, പ്രൊഫ. സി. മരിയദാസ് എന്നിവരെ ആദരിക്കും. ചടങ്ങിൽ' ഹാർട്ടിയൻ ഇല്ലസ്ട്രിയസ് അവാർഡ് പൂർവ വിദ്യാർത്ഥിയും സി എം ഐ സഭയുടെ പ്രയർ ജനറലുമായ റവ. ഫാദർ തോമസ് ചാത്തംപറമ്പിലിന് സമ്മാനിക്കും. സി എം ഐ സഭ ഇരുന്നൂറാം വർഷത്തിലേക്ക് കടക്കുന്നതോടനുബന്ധിച്ച് വിദ്യാഭ്യാസ വർഷം ആചരിക്കുന്നതിന്റെ ഭാഗമായി സഭയുടെ ആദ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ തേവര സേക്രഡ് ഹാർട്ട് കോളേജ് രാജ്യത്തെ മികച്ച കോളേജ് അധ്യാപകർക്ക് 'ഹാർട്ടിയൻ ഗുരു ശ്രേഷ്ഠ അവാർഡ്' ഹാർട്ടി ഫെസ്റ്റ് വേദിയിൽ വെച്ച് സമ്മാനിക്കും. രാജ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (ഗവണ്മെന്റ്, ഗവണ്മെന്റ് എയ്ഡഡ്/അൺഎയ്ഡഡ്, ഓട്ടോണമസ്) 10 വർഷം സേവനം പൂർത്തിയാക്കിയ മികച്ച കോളേജ് അധ്യാപകർക്കാണ് അവാർഡുകൾ നൽകുന്നത്. സയൻസ് ആൻഡ് ടെക്നോളജി, ആർട്സ് ആൻഡ് ഹ്യൂമാനിറ്റീസ്, കോമേഴ്സ് ആൻഡ് മാനേജ്മെന്റ് എന്നിങ്ങനെ മൂന്ന് കാറ്റഗറികളിലായിരിക്കും അവാർഡ് നൽകുക. ഓരോ കാറ്റഗറിയിലും തിരഞ്ഞെടുക്കുന്ന മികച്ച അധ്യാപകന്/അധ്യാപികയ്ക്ക് ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും സമ്മാനിക്കും. മാധ്യമ രംഗത്തെ സമഗ്ര സേവനത്തിനുള്ള 2025 ലെ ചാവറ മാധ്യമ പുരസ്കാരം ജനുവരി 23 ന് സേക്രഡ് ഹാർട്ട് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് മാധ്യമപ്രവർത്തക ബർക്ക ദത്തിന് സമ്മാനിക്കും. തേവര സേക്രഡ് ഹാർട്ട് കോളേജിലെ ജേർണലിസം ഡിപ്പാർട്ട്മെന്റാണ് 2023ൽ അവാർഡ് ഏർപ്പെടുത്തിയത്. 30,000 രൂപയും പ്രശസ്തിപത്രവും ശില്പവുമടങ്ങുന്നതാണ് അവാർഡ്. അവാർഡ് സമ്മാനിക്കും. ഫെബ്രുവരി 21 ന് വിമൺ ബിസിനസ്സ് സമ്മിറ്റും 28ന് വിമൺ ഹെൽത്ത് സമ്മിറ്റും സംഘടിപ്പിക്കും. പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ യങ് കമ്മ്യൂണിക്കേറ്റേഴ്സ് ക്ലബ്ബിന്റെ വനിതാ സ്റ്റാർട്ട്അപ്പായ 'ഫിവാക്കി'ന്റെ നേതൃത്വത്തിൽ ആയിരിക്കും ഈ രണ്ട് സമ്മിറ്റുകളും സംഘടിപ്പിക്കുക.

# തദ്ദേശ ദിനാഘോഷം 2026: പൊതുജനങ്ങൾക്ക് ലോഗോ തയ്യാറാക്കാം.

**കൊച്ചി:** 2026 ഫെബ്രുവരി 18, 19 തീയതികളിൽ കണ്ണൂർ ജില്ലയിലെ ആന്തൂർ നഗരസഭയിൽ നടത്തുന്ന 'തദ്ദേശ ദിനാഘോഷം 2026'ന്റെ പ്രചാരണ പ്രവർത്തനങ്ങൾക്കായി ഔദ്യോഗിക ലോഗോ തയ്യാറാക്കി നൽകാം. തയ്യാറാക്കിയ ലോഗോ A4 വലിപ്പത്തിലുള്ള പേപ്പറിൽ കളർ പ്രിന്റ് ചെയ്ത ശേഷം സീൽ ചെയ്ത കവറിൽ സമർപ്പിക്കണം. എൻട്രികൾ 2026 ജനുവരി 20ാം തീയതി വൈകുന്നേരം 4 മണിക്ക് മുൻപായി തിരുവനന്തപുരത്തുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നേരിട്ടോ തപാൽ മുഖേനയോ ലഭിച്ചിരിക്കണം.



എറണാകുളം ശ്രീ അയ്യപ്പൻകോവിലിലെ മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് നടന്ന തെക്കുംഭാഗം പൂരം പരമാര ദേവീക്ഷേത്രത്തിൽ നിന്നാരംഭിച്ചപ്പോൾ

# സ്കൂൾ പാചക തൊഴിലാളികൾ സമരത്തിലേയ്ക്ക്




മിനിമം കൂലി ആവശ്യപ്പെട്ട് സ്കൂൾ പാചക തൊഴിലാളികൾ സംസ്ഥാന വ്യാപകമായി നടത്തുന്ന സമരത്തിന്റെ പ്രഖ്യാപനം സ്കൂൾ പാചക തൊഴിലാളി യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി (എ.ഐ.ടി.യു.സി.)പി. ജി. മോഹനൻ, എറണാകുളം ജില്ലാ സെക്രട്ടറി അനിത അപ്പുകുട്ടൻ, ജില്ലാ കമ്മിറ്റി അംഗങ്ങളായ ബിന്ദു രാജൻ, സി.കെ.പരമു, എന്നിവർ എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടത്തുന്നു.

**കൊച്ചി:** വാഗ്ദാനങ്ങൾ നൽകി തൊഴിലാളികളെ വഞ്ചിക്കുന്ന സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് എറണാകുളം ജില്ലയിലെ സ്കൂൾ പാചക തൊഴിലാളികൾ കുടുംബസമേതം സമരം നടത്തുമെന്ന് സ്കൂൾ പാചക തൊഴിലാളി യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി (എ.ഐ.ടി.യു.സി.)പി. ജി. മോഹനൻ, എറണാകുളം ജില്ലാ സെക്രട്ടറി അനിത അപ്പുകുട്ടൻ, ജില്ലാ കമ്മിറ്റി അംഗങ്ങളായ സി.കെ.പരമു, ബിന്ദു രാജൻ എന്നിവർ എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ഇടത് മുന്നണിയുടെ പ്രകടന പത്രികയിൽ നൽകിയ വാഗ്ദാനവും, രണ്ട് മന്ത്രിതല ചർച്ചകൾ നടത്തി സർക്കാർ അംഗീകരിച്ചതുമായ മിനിമം കൂലി 700 രൂപ നൽകാത്തതിൽ പ്രതിഷേധിച്ചാണ് സ്കൂൾ പാചക തൊഴിലാളി യൂണിയന്റെ (എ.ഐ.ടി.യു.സി.) സംസ്ഥാന കമ്മിറ്റി തീരുമാന പ്രകാരം സമരം നടത്തുന്നത്. 17ന് രാവിലെ 10ന് അങ്കമാലി മിനി സിവിൽ സ്റ്റേഷന് മുന്നിൽ നടക്കുന്ന എറണാകുളം ജില്ലാ തല സമരം സ്കൂൾ പാചക തൊഴിലാളി യൂണിയൻ (എ.ഐ.ടി.യു.സി.) സംസ്ഥാന വൈസ് പ്രസിഡണ്ട് പി. പ്രദീപ് ഉദ്ഘാടനം ചെയ്യും.

യൂണിയൻ ജില്ലാ സെക്രട്ടറി അനിത അപ്പുക്കുട്ടൻ അദ്ധ്യക്ഷത വഹിക്കും. അങ്കമാലി ടൗണിലൂടെ കറുത്ത വസ്ത്രങ്ങൾ ധരിച്ച് നടത്തുന്ന പ്രകടനത്തോടെയാണ് സമരം ആരംഭിക്കുക.സി.പി.ഐ. അങ്കമാലി മണ്ഡലം സെക്രട്ടറി ജോസഫ് ചിറയത്ത്, ലോക്കൽ സെക്രട്ടറി ഒ.ജി. കിഷോർ, എ.ഐ.ടി.യു.സി. മണ്ഡലം സെക്രട്ടറി സി.കെ. ബിജു, പ്രസിഡണ്ട് എം.എസ്. ചന്ദ്രബോസ് യൂണിയൻ ഉപജില്ലാ പ്രസിഡണ്ട് സീലിയ വിന്നി തുടങ്ങിയവർ പ്രസംഗിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# നവസംരംഭകർക്കൊപ്പം കളമശേരി ; പദ്ധതിയ്ക്ക് തുടക്കം

**കൊച്ചി:** ഒരു വീട്ടിൽ ഒരു സംരംഭം എന്നതാണ് നവ സംരംഭകർക്കൊപ്പം കളമശ്ശേരി പദ്ധതിയുടെ ലക്ഷ്യമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്. ഏലൂർ മുനിസിപ്പൽ ഹാളിൽ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൃഷിക്കൊപ്പം, വിദ്യാർത്ഥികൾക്കൊപ്പം, യുവതക്കൊപ്പം, ലൈബ്രറികൾക്കൊപ്പം തുടങ്ങി കളമശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിയ വിവിധ പരിപാടികളുടെ തുടർച്ചയാണ് നവ സംരംഭകർക്കൊപ്പം പദ്ധതി.

വിവാഹശേഷം വീടുകളിൽ ഒതുങ്ങിക്കൂടുന്ന വനിതകളുടെ മാനവ വിഭവ ശേഷി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അവരെ സംരംഭകത്വത്തിലേക്കോ തൊഴിലുകളിലേക്കോ നയിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശങ്ങളിൽ ഒന്ന്. അതിന് വേണ്ട വിദഗ്ധ പരിശീലനം വ്യവസായ വകുപ്പ് വിജ്ഞാന കേരളം പദ്ധതിയുമായി സഹകരിച്ച് നൽകും.

ഒഴിവു സമയം ഉപകാരപ്രദമായ കാര്യങ്ങൾക്കായി മാറ്റിവെക്കണം പുതിയ നിയമങ്ങൾ പ്രകാരം വീടിന്റെ 50 ശതമാനം സ്ഥലം വ്യവസായത്തിന് വേണ്ടി ഉപയോഗിക്കാൻ കഴിയും. ഒഴിഞ്ഞു കിടക്കുന്ന വീടുകൾ ആണെങ്കിൽ നൂറ് ശതമാനവും വ്യവസായത്തിനായി ഉപയോഗിക്കാം. ഇത്തരം സൗകര്യങ്ങൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

സംരംഭം തുടങ്ങാൻ ആവശ്യമായ മൂലധനത്തിനായി സബ്സിഡിയോടെ വായ്പകൾ അനുവദിക്കും. വിപണി കണ്ടെത്താനും സർക്കാർ സഹായിക്കും. റേഷൻ കടകളിലെ കെസ്റ്റോർ വഴിയും ഓൺലൈൻ സംവിധാനം വഴിയും വിപണി കണ്ടെത്താനാകും. സംരംഭങ്ങൾ ആരംഭിക്കുമ്പോൾ വെല്ലുവിളികൾ ഉണ്ടാകുമെന്നും അതിനെ പക്വതയുടെ നേരിടണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കളമശ്ശേരി നഗരസഭ ചെയർപേഴ്സൺ ലൈജി സജീവൻ അധ്യക്ഷയായ ചടങ്ങിൽ സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ചെയർമാൻ കെ പ്രസാദ് മുഖ്യപ്രഭാഷണം നടത്തി. പരിപാടിയോടനുബന്ധിച്ച് നടന്ന സംരംഭക ശില്പശാലയുടെയും വായ്പാമേളയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

പിന്നാക്ക വികസന കോർപ്പറേഷന്റെ 2,16,7000 രൂപയുടെ ചെക്ക് കുടുംബശ്രീ തൃക്കാക്കര വെസ്റ്റ് യൂണിറ്റിന് കൈമാറി. വനിതാ വികസന കോർപ്പറേഷന്റെ 82,71,000 രൂപയുടെയും പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 6,50,000 രൂപയുടെ ചെക്കും ഏലൂർ സിഡിഎസിനാണ് ലഭിച്ചത്. വ്യക്തിഗത ഇനത്തിൽ രണ്ടുപേർക്കായി രണ്ടേകാൽ ലക്ഷം രൂപയുടെ ചെക്കുകളും നൽകി. ചടങ്ങിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി. എ നജീബ്, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ വി.സി ബിന്ദു, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജും ഡയറക്ടർ വി.പി സുബ്രഹ്മണ്യൻ, ജില്ലാ വ്യവസായ കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ പി. സ്വപ്ന തുടങ്ങിയവർ സംസാരിച്ചു.

തുടർന്ന് നടന്ന ടെക്നിക്കൽ സെഷനുകളിൽ കൊച്ചി നഗരസഭ വ്യവസായ വികസന ഓഫീസർ ജയ്സൺ ഡേവിഡ്, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ജില്ലാ മാനേജർ എ. ഹരികുമാർ, വനിതാ വികസന കോർപ്പറേഷൻ മാനേജർ എം.ആർ രംഗൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മാനേജർ പി പി ജതിൻ തുടങ്ങിയവർ വിഷയങ്ങൾ അവതരിപ്പിച്ചു.

# ജനകീയ മത്സ്യകൃഷി ഉദ്ഘാടനം ചെയ്തു

**ആലപ്പുഴ:** ഫിഷറീസ് വകുപ്പ് ജനകീയ മത്സ്യക്കൃഷിയുടെ ഭാഗമായി മാന്നാർ മത്സ്യഭവന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വലവളപ്പ് മത്സ്യക്കൃഷിയുടെ ഉദ്ഘാടനം ഫിഷറീസ്, സാംസ്കാരിക വകുപ്പുമന്ത്രി സജി ചെറിയാൻ കരിമീൻ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് നിർവഹിച്ചു. ചെന്നിത്തല തൃപ്പെരുന്തുറ പഞ്ചായത്തിലെ ചെറുകോൽ പ്രായിക്കര ലാൻഡിംഗ് സെന്ററിന് സമീപം അച്ചൻകോവിലാറിലാണ് രണ്ടു യൂണിറ്റ് വലവളപ്പ് മത്സ്യക്കൃഷി ആരംഭിച്ചത്. പൊതുജലാശയങ്ങൾ മത്സ്യകൃഷിക്കായി ഉപയോഗപ്പെടുത്തി ഉൽപാദനം വർദ്ധിപ്പിച്ച് മത്സ്യകർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും സുസ്ഥിര വരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജനകീയ മത്സ്യകൃഷി. ചെറുകോൽ വീ വൺ പുരുഷ സ്വയം സഹായ സംഘത്തിന്റെ നേതൃത്വത്തിലാണ് വലവളപ്പ് മത്സ്യകൃഷി നടത്തുന്നത്. രണ്ടു വലവളപ്പുകളിലായി അയ്യായിരം കരിമീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. 1,75,000 രൂപയാണ് ഒരു യൂണിറ്റിന്റെ ചെലവ്. ഇതിന്റെ 60 ശതമാനമായ 1,05,000 രൂപ സബ്സിഡിയും ബാക്കി 40 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. നാടൻ മത്സ്യങ്ങളായ വരാൽ, കല്ലേമുട്ടി, കരിമീൻ എന്നിവയാണ് പദ്ധതിയിൽ കൃഷിചെയ്യുന്നത്. ജനകീയ മത്സ്യകൃഷി വലവളപ്പ് മത്സ്യക്കൃഷിക്ക് ഈ സാമ്പത്തിക വർഷം 50.75 ലക്ഷം രൂപ വകയിരിത്തിയിട്ടുണ്ട്.

# വിരമിച്ച സൈനികർക്ക് ആദരമൊരുക്കി ഇന്ത്യൻ പ്രതിരോധ സേന

### വിരമിച്ച സൈനികർ അവർ സേവനം ചെയ്തിരുന്ന യുദ്ധകപ്പലായ ഐ.എൻ.എസ് സുനൈനയും സന്ദർശിച്ചു



**കൊച്ചി:** ഇന്ത്യൻ പ്രതിരോധ സേനകളുടെ സംയുക്ത നേതൃത്വത്തിൽ 10ാമത് പ്രതിരോധ സേന വെറ്ററൻസ് ദിനാചരണം സംഘടിപ്പിച്ചു. കൊച്ചിയിലെ ദക്ഷിണമേഖലാ നാവികാസ്ഥാനത്ത് നടന്ന ചടങ്ങിൽ കേന്ദ്ര പെട്രോളിയം സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയായിരുന്നു. ദിനാചരണത്തിന്റെ ഭാഗമായി കേന്ദ്ര മന്ത്രി സുരേഷ് ഗോപി, ദക്ഷിണ നാവിക കമാൻഡ് ഫ്ളാഗ് ഓഫീസർ കമാൻഡിംഗ് ഇൻചീഫ് വൈസ് അഡ്മിറൽ സമീർ സക്സേന എന്നിവരുടെ നേതൃത്വത്തിൽ കര, വ്യോമ, നാവികസേനകളിലെ മുൻസൈനികർ കൊച്ചി നേവൽ ബേസിലെ യുദ്ധസ്മാരത്തിൽ പുഷ്പ ചക്രം അർപ്പിച്ചു. തുടർന്ന് നടന്ന വിരമിച്ച സൈനികരുടെ സംഗമത്തിൽ ധീരതാ അവാർഡുജേതാക്കളെ ആദരിച്ചു.

വിരമിച്ച സൈനികരുടെ ക്ഷേമത്തിനായി സേനയുടെ നേതൃത്വത്തിൽ നൽകുന്ന പിന്തുണ പ്രശംസനീയമാണെന്ന് ചടങ്ങിൽ സംസാരിച്ച കേന്ദ്രമന്ത്രി സുരേഷ് ഗോപി പറഞ്ഞു. വെറ്ററൻസ് ദിനാചരണം വിരമിച്ച സൈനികരും നിലവിലെ സൈനികരും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതാണെന്നും അദ്ദേഹം വ്യക്തമാക്കി.

വിരമിച്ച സൈനികർ അവർ മുമ്പു സേവനം ചെയ്തിരുന്ന യുദ്ധകപ്പലായ ഐ.എൻ.എസ് സുനൈന സന്ദർശിക്കാനും ദിനാചരണത്തിന്റെ ഭാഗമായി അവസരം ഒരുക്കിയിരുന്നു.

## കമ്മ്യൂണിറ്റി പാലിയേറ്റീവ് കെയർ : ബോധവൽക്കരണവുമായി ഐ.എം.എ അരികെ

**കൊച്ചി:** കമ്മ്യൂണിറ്റി പാലിയേറ്റീവ് കെയർ ദിനാചരണത്തിന്റെ മുന്നോടിയായി കൊച്ചിൻ ഐ.എം.എ അരികെയുടെ നേതൃത്വത്തിൽ ജനുവരി 10 മുതൽ 20 വരെ നടക്കുന്ന ക്യാംപയിന്റെ ഭാഗമായി ഇന്ന് കൊച്ചിയുടെ വിവിധയിടങ്ങളിൽ വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും. അരികെയിലെ ജീവനക്കാർ, പാലിയേറ്റീവ് രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകർ, നേഴ്സുമാർ ഉൾപ്പെടെയുള്ള സന്നദ്ധ പ്രവർത്തക സംഘത്തിന്റെ നേതൃത്വത്തിൽ എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ, വൈറ്റില ഹബ്ബ്, ഇടപ്പള്ളി മെട്രോ സ്റ്റേഷൻ പരിസരം, കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം എന്നിവടങ്ങളിലാണ് ബോധവൽക്കരണ പരിപാടികൾ നടത്തുന്നത്. പാലീയേറ്റീവ് കെയറിന്റെ പ്രാധാന്യം പൊതുജനങ്ങളിലേക്ക് കൂടുതലായി എത്തിക്കുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ വിദ്യാർഥികളിലും പാലിയേറ്റീവ് കെയറിന്റെ പ്രാധാന്യം പകർന്നു നൽകുന്നതിനായി കെ.എം.എം, സെന്റ് ആൽബർടസ്, എസ്.സി.എം. എസ് , അൽഅമീൻ , യു സി, എസ്.എച്ച് എന്നീ കോളജുകളിൽ വിദ്യാർഥികളുടെ നേതൃത്വത്തിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും

## സൗജന്യ കമ്പ്യൂട്ടർ കോഴ്സ് പരിശീലനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ സബ് ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവ. പ്രി എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിലുള്ള പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മൂന്നു മാസം ദൈർഘ്യമുള്ള ഡാറ്റാ എൻട്രി, ഡി റ്റി പി എന്നീ കമ്പ്യൂട്ടർ കോഴ്സുകളുടെ സൗജന്യ പരിശീലനം നൽകുന്നു. ഫെബ്രുവരി 18 രാവിലെ 10ന് ക്ലാസുകൾ ആരംഭിക്കും. 18നും 25നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. അടിസ്ഥാന യോഗ്യത പത്താം ക്ലാസ്. ഡി റ്റി പി കോഴ്സിന് ഡാറ്റാ എൻട്രിയോ ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗ് ലോവറോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം.

പരിശീലനത്തിന് തിരഞ്ഞെടുക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് നിയമാനുസൃതം സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. താൽപ്പര്യമുള്ളവർ ഫോട്ടോ, ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഫെബ്രുവരി 16 രാവിലെ 4.30ന് മുൻപ് ഓഫിസിൽ നേരിട്ട് എത്തി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ആലുവ ഗവ പ്രീ.എക്സാമിനേഷൻ ട്രെയിനിംഗ് സെൻററിലും ലഭ്യമാണ്. ഫോൺ 04842623304, 9188581148, 8921708401.

## ക്വട്ടേഷൻ നോട്ടീസ്

**കൊച്ചി:** മുനമ്പം ഫിഷിംഗ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ അധീനതയിലുള്ള മുനമ്പം ഫിഷിംഗ് ഹാർബറിൽ സെക്യൂരിറ്റി ജോലി ചെയ്യുന്നതിനായി രാത്രിയും പകലും ഓരോ ആൾവീതം ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ഫോൺ: 0484 2307370

## ക്വട്ടേഷനുകൾ ക്ഷണിച്ചു

**കൊച്ചി:** മുനമ്പം ഫിഷിംഗ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ മുനമ്പത്തുള്ള വാട്ടർ ടാങ്കിന്റെ കിഴക്കുഭാഗത്തുള്ള ഒരു മുറി (പ്രൊവിഷൻ സ്റ്റോർ) 2026 ഫെബ്രുവരി ഒന്ന് മുതൽ 2027 ജനുവരി ഒന്നു വരെ വാടകയ്ക്ക് നൽകുന്നതിന് പ്രത്യേകം ക്വട്ടേഷനുകൾ ക്ഷണിച്ചു. ഫോൺ 0484 2967371.

## നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ റേഡിയോഡയഗ്നോസിസ്, കാർഡിയോതൊറാസിക് & വാസ്കുലാർ സർജറി എന്നീ വിഭാഗങ്ങളിൽ ജൂനിയർ റസിഡന്റ് തസ്തികയിലേക്ക് മെഡിസെപ് പദ്ധതി മുഖേന താൽക്കാലിക നിയമനം നടത്തുന്നു. എംബിബിഎസും, ടി സി എം സി രജിസ്ട്രേഷനും റേഡിയോളജിയിൽ രണ്ടുവർഷത്തെ പ്രവർത്തന പരിചയമുള്ളവർക്ക് ജൂനിയർ റസിഡഡന്റ് (റേഡിയോഡയഗ്നോസിസ് വിഭാഗം) തസ്തികയിലേക്കും, എംബിബിഎസ്, ടി സി എം സി രജിസ്ട്രേഷൻ യോഗ്യതയുള്ളവർക്ക് ജൂനിയർ റസിഡന്റ് (കാർഡിയോതൊറാസിക് വാസ്കുലാർ സർജറിവിങ്) തസ്തികയിലേക്കും അപേക്ഷിക്കാം.

താൽപര്യമുള്ളവർ വയസ്സ് യോഗ്യത പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം ജനുവരി 19 രാവിലെ 11ന് എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ കാര്യാലയത്തിന് സമീപമുള്ള കൺട്രോൾ റൂമിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ അന്നേ ദിവസം രാവിലെ 11:00 മുതൽ 11:30 വരെ മാത്രമായിരിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY




# രാസ അപകടങ്ങളെ നേരിടാൻ മുന്നൊരുക്കം; സിയാലിൽ  മോക്ക് ഡ്രിൽ സംഘടിപ്പിച്ചു

**കൊച്ചി:** ദുരന്ത സാഹചര്യങ്ങളെ ഫലപ്രദമായി നേരിടുക എന്ന ലക്ഷ്യത്തോടെ ദേശിയ ദുരന്ത നിവാരണ അതോറിറ്റിയുമായി കൈകോർത്തുകൊണ്ട് സിയാൽ സംഘടിപ്പിച്ച മോക്ക് ഡ്രിൽ വിജയകരമായി സമാപിച്ചു. സംസ്ഥാന ദുരന്ത നിവാരണ വകുപ്പും, ജില്ലാ ഭരണകൂടവും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നടന്ന ഡ്രിൽ നടത്തിപ്പിനായി കൈകോർത്തു. അടിയന്തര സാഹചര്യങ്ങളിൽ വിവിധ ഏജൻസികളുടെ ഏകോപനവും പ്രതികരണ ശേഷിയും ഡ്രില്ലിലൂടെ പരീക്ഷിക്കപ്പെട്ടു. രാസ അപകടങ്ങളെ നേരിടാനുള്ള മുന്നൊരുക്കമായാണ് ഡ്രിൽ സംഘടിപ്പിച്ചത്. ക്ലോറിൻ വാതകവുമായി സഞ്ചരിക്കുന്ന ടാങ്കർ അത്താണിയിൽ വച്ച് അപകടപ്പെടുകയും രാസ ചോർച്ചയുണ്ടാവുകയും ചെയ്യുന്ന സാങ്കൽപ്പിക സാഹചര്യമാണ് മോക്ക് ഡ്രില്ലിനായി ഒരുക്കിയത്. കാറ്റിന്റെ ഗതിയ്ക്ക് അനുസൃതമായി അത് എയർപോർട്ട് പ്രദേശത്തയ്ക്ക് എത്തിച്ചേർന്നാൽ സ്വീകരിക്കേണ്ട അടിയന്തര നടപടികളാണ് മോക്ക് ഡ്രില്ലിൽ പ്രാവർത്തികമാക്കിയത്.

കൂടുതൽ യാത്രക്കാരുണ്ടാവാൻ സാധ്യതയുള്ള പ്രദേശമായതുകൊണ്ട് തന്നെ ആഭ്യന്തര ടെർമിനൽ അറൈവൽ ബാഗേജ് ഏരിയയിലാണ് മോക്ക് ഡ്രിൽ നടത്തിയത്. വിവിധ ഏജൻസികൾ കൈകോർത്തുകൊണ്ടാണ് പ്രവർത്തങ്ങൾ ഏകോപിപ്പിച്ചത്. എയർപോർട്ട് എമർജൻസി സർവീസ്, എ.ആർ.എഫ്.എഫ്, സി.ഐ.എസ്.എഫ്, എ.പി.എച്ച്.ഒ, കേരളാ പോലീസ്, കേരളാ ഫയർ ആൻഡ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റ്, കെ.എസ്.ഇ.ബി, ആർ.ടി.ഒ, ഹെൽത്ത് ഇനീ വകുപ്പുകൾക്കൊപ്പം 13 ഡോക്ടർമാരും അഞ്ച് ആംബുലൻസുകളുമടങ്ങുന്ന സംയുക്ത മെഡിക്കൽ സംഘവും പങ്കെടുത്തു.

പ്രദേശത്തെ ഐസൊലേറ്റ് ചെയ്യൽ, യാത്രക്കാരുടെ ചലനം നിയന്ത്രിക്കുക, അടിയന്തര മെഡിക്കൽ ട്രയേജ് ഏരിയ തയ്യാറാക്കുക, ആശയവിനിമയ, കമാൻഡ് ഘടനകൾ രൂപീകരിക്കുക എന്നീ നടപടികലാണ് ഡ്രിലിൽ നടന്നത്. ആശയവിനിമയത്തിന്റെ ഏകോപനത്തിനായി സിയാലിന്റെ മൊബൈൽ കമാൻഡ് പോസ്റ്റും പ്രവർത്തിച്ചു.

അവലോകന യോഗത്തിൽ മോക്ക് ഡ്രില്ലിൽ നിന്നുള്ള നിന്നുള്ള നിരീക്ഷണങ്ങൾ ചർച്ച ചെയ്യുകയും ശുപാർശകൾ രേഖപ്പെടുത്തുകയും ചെയ്തു.

# ക്യാമറ ഇല്ലാതെ നിർമ്മിച്ച ചലച്ചിത്രം: വിസ്മയവും കൗതുകവും ഉണർത്തി ബിനാലെ വർക്ക് ഷോപ്പ്

**കൊച്ചി:** ഡിജിറ്റൽ സിനിമയുടെ കാലത്ത് 16 എംഎം ഫിലിമിൽ ചിത്രരചന നടത്തി അതിലൂടെ ചലച്ചിത്രം ഉണ്ടാക്കുന്ന കാഴ്ച പുതുതലമുറ ചലച്ചിത്ര പ്രവർത്തകർക്കും വിദ്യാർത്ഥികൾക്കും വിസ്മയവും കൗതുകവുമായി. കൊച്ചി ബിനാലെ ഫൗണ്ടേഷൻ (കെ.ബി.എഫ്) എക്സ്പിരിമെന്റ് ഇന്ത്യയുമായി ചേർന്ന് കൊച്ചിമുസിരിസ് ബിനാലെ 2025ന്റെ ഭാഗമായി സംഘടിപ്പിച്ച അഞ്ചു ദിവസത്തെ '16 എംഎം ക്യാമറരഹിത ചലച്ചിത്ര വർക്ക് ഷോപ്പ്' സിനിമയെന്ന് മാധ്യമത്തിന്റെ വൈവിധ്യമാർന്ന സാധ്യതകൾ വെളിവാക്കി.



ഫോർട്ട് കൊച്ചിയിലെ സെന്റ് ആൻഡ്രൂസ് പാരിഷ് ഹാളിൽ സംഘടിപ്പിച്ച വർക്ക് ഷോപ്പിന് കലാകാരിയും ചലച്ചിത്രകാരിയുമായ ഗാവതി വാഡ് നേതൃത്വം നൽകി. എക്സ്പിരിമെന്റ് ഇന്ത്യയുടെ ഭാഗമായി 2003 മുതൽ ചലച്ചിത്ര ശിൽപ്പശാലകൾ നടത്തിവരികയാണെന്നും ബംഗളൂരുവിൽ രണ്ട് വർഷത്തിലൊരിക്കൽ ചലച്ചിത്ര മേളകൾ സംഘടിപ്പിക്കാറുണ്ടെന്നും ഗാവതി വാഡ് പറഞ്ഞു. 16 എംഎം ഫിലിം ഒരു ക്യാൻവാസായി ഉപയോഗിച്ച് അതിൽ പെയിന്റ് ചെയ്യാനും എഴുതാനും ശബ്ദം നൽകാനുമാണ് പങ്കാളികളെ പഠിപ്പിച്ചത്. ക്യാമറയില്ലാതെ സിനിമ നിർമ്മിക്കുക എന്നത് ഇന്നത്തെ കാലത്ത് സങ്കൽപ്പങ്ങൾക്കും അപ്പുറമാണെന്നും അവർ കൂട്ടിച്ചേർത്തു. പ്രൊജക്ടറിലൂടെ ഫിലിം സ്ട്രിപ്പ് കടന്നുപോകുമ്പോൾ അതിലെ അടയാളങ്ങളെ ശബ്ദമാക്കി മാറ്റാൻ കഴിയുമെന്നത്  മാധ്യമത്തിന്റെ വലിയൊരു പ്രത്യേകതയാണെന്നും ഗാവതി വിശദീകരിച്ചു. ഫിലിമുകളോ പ്രൊജക്ടറോ കണ്ടിട്ടില്ലാത്ത തങ്ങൾക്ക് ഷൂട്ടിംഗ് ഇല്ലാതെ സിനിമ നിർമ്മിക്കുന്നത് അത്ഭുതകരമായിരുന്നുവെന്ന് ഹ്രസ്വചിത്ര സംവിധായകനായ  സി.എം അശ്വിൻ പറഞ്ഞു. ശിൽപ്പശാലയുടെ സമാപനത്തിൽ പങ്കെടുത്തവർ  നിർമ്മിച്ച ഫിലിമുകൾ അവർക്ക് തന്നെ ബിരുദദാനമെന്നോണം തിരികെ നൽകി.

# ആംവേ ഇന്ത്യ ഹോം ഡെലിവറി പ്രവർത്തനങ്ങൾ നവീകരിച്ചു

**കൊച്ചി:** ഹോം ഡെലിവറി പ്രവർത്തനങ്ങൾ നവീകരിച്ച് ആംവേ ഇന്ത്യ. വിതരണക്കാർക്കും അവരുടെ ഉപഭോക്താക്കൾക്കും വേഗത്തിലുള്ള ഡെലിവറി ഉറപ്പാക്കുന്നതിനായി ഏകീകൃത ഡിജിറ്റൽ ട്രാക്കിംഗ് പ്ലാറ്റ്ഫോമുകളും ലോജിസ്റ്റിക് പങ്കാളിത്തങ്ങളും ആംവേ നവീകരിച്ചു. ആംവേയുടെ സേവന ശൃംഖല 8,000ത്തിൽ നിന്നും 17,500ൽ അധികമായി വികസിച്ചതോടെ ഇന്ത്യയുടെ 90 ശതമാനം പിൻ കോഡുകളിലും ഇപ്പോൾ ഹോം ഡെലിവറി ലഭ്യമാണ്.

തിരഞ്ഞെടുത്ത ആംവേ വെയർഹൗസുകളിൽ തടസ്സമില്ലാത്ത ഓർഡർ പ്രോസസ്സിംഗ് ഉറപ്പാക്കുന്നതിനായി അത്യാധുനിക പിക്ക്ടുലൈറ്റ് സാങ്കേതികവിദ്യയാണ് സജ്ജീകരിച്ചിരിക്കുന്നത്. എല്ലാ ഓർഡറുകളെക്കുറിച്ചുമുള്ള വിവരങ്ങൾ കമ്പനി വെബ്സൈറ്റ് വഴി തത്സമയം മനസ്സിലാക്കാനായി ഒരു ഏകീകൃത ട്രാക്കിംഗ് പ്ലാറ്റ്ഫോം കൊണ്ടുവന്നത് ഉപഭോക്താക്കൾക്ക് ഓർഡറുകൾ മെച്ചപ്പെട്ട രീതിയിൽ ട്രാക്ക് ചെയ്യാൻ സഹായിക്കുന്നു. ആംവേ നിലവിൽ പ്രതിമാസം 2 ലക്ഷത്തിലധികം ഹോം ഡെലിവറി ഓർഡറുകളാണ് കൈകാര്യം ചെയ്യുന്നത്.

ഇന്ത്യയിലുടനീളം മികച്ച സേവനം ശക്തിപ്പെടുത്തുന്നതിനായി ആംവേ ഹോം ഡെലിവറിയെ ശക്തമായ ഒരു തൂണായി പടുത്തുയർത്തകയാണെന്ന് ആംവേ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ രജനീഷ് ചോപ്ര പറഞ്ഞു.

# ഗ്ലോറിയ ടൂർസ് സംഘടിപ്പിക്കുന്ന വിശുദ്ധനാട്, യൂറോപ്പ് തീർഥാടനത്തിന് ബുക്കിംഗ് ആരംഭിച്ചു

**കോട്ടയം:** പ്രമുഖ ടൂർ ഓപ്പറേറ്ററായ ഗ്ലോറിയ ഗ്ലോബൽ ടൂർസിന്റെ ആഭിമുഖ്യത്തിൽ കത്തോലിക്ക വൈദികരുടെ ആത്മീയ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന വിശുദ്ധനാട് തീർഥാടന യാത്രകൾ ഫെബ്രുവരി രണ്ടിനും ഏപ്രിൽ നാലിനും പുറപ്പെടും.

ജോർദാൻ, ഇസ്രയേൽ, പലസ്തീൻ, ഈജിപ്ത് എന്നിവ ഉൾപ്പെടുന്ന ഈ പ്രത്യേക തീർഥാടന പാക്കേജിലൂടെ വിശ്വാസത്തിന്റെയും ആത്മീയതയുടെയും ചരിത്രത്തിന്റെയും അപൂർവമായ അനുഭവമാണ് യാത്രികർക്കായി ഒരുക്കിയിരിക്കുന്നത്.

ജറുസലേം, ബെത്‌ലഹേം, ജെറീക്കോ, ഗലീലീ, നസറത്ത്, കാന, ഗാഗുൽത്താ, നെബോ മല, താബോർ മല, ജോർദാൻ നദി, ഗെത്സെമനേ തോട്ടം, നൈൽ നദി, ചെങ്കടൽ, സീനായ് പർവ്വതം, ഈജിപ്തിലെ പിരമിഡുകൾ എന്നിവ ഉൾപ്പെടെ ലോകപ്രശസ്തവും ചരിത്രപ്രാധാന്യമുള്ളതുമായ നിരവധി സ്ഥലങ്ങൾ സന്ദർശിക്കുന്നതാണ് ഈ യാത്ര. പരിചയസമ്പന്നരായ ടൂർ മാനേജർമാരുടെയും പ്രഫഷണൽ ഗൈഡുകളുടെയും സേവനവും യാത്രയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

11 ദിവസത്തെ ഈ വിശുദ്ധനാട് തീർഥാടന പാക്കേജിന് എല്ലാ ചെലവുകളും ഉൾപ്പെടെ 1,65,000 രൂപയാണ് നിരക്ക്.

ഇതിന് പുറമെ, ഏപ്രിൽ 28ന് ഗ്ലോറിയ ടൂർസ് സംഘടിപ്പിക്കുന്ന യൂറോപ്പ് തീർഥാടന യാത്രയും പുറപ്പെടും. വത്തിക്കാൻ, ഇറ്റലി, സ്ലോവേനിയ, ക്രൊയേഷ്യ, സ്വിറ്റ്സർലാൻഡ്, ഫ്രാൻസ്, സ്പെയിൻ, പോർച്ചുഗൽ, ബോസ്നിയ & ഹെർസഗോവിന എന്നീ രാജ്യങ്ങളിലെ പ്രധാന തീർഥാടന കേന്ദ്രങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളും ഈ യാത്രയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ലെയോ പതിനാലാമൻ മാർപാപ്പയെ നേരിൽ കാണാനുള്ള പ്രത്യേക അവസരവും ലഭ്യമാകും. എല്ലാ ചെലവുകളും ഉൾപ്പെടെ ഈ 16 ദിവസത്തെ പ്രീമിയം പാക്കേജിന്റെ നിരക്ക് 3,55,000 രൂപയായിരിക്കും.

ഗ്ലോറിയ ടൂർസിന്റെ പത്താം വാർഷികത്തോടനുബന്ധിച്ച്, ഈ ഗ്രൂപ്പിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് സൗജന്യമായി ഈ യാത്രയിൽ പങ്കെടുക്കാനുള്ള സുവർണാവസരവും കമ്പനി പ്രഖ്യാപിച്ചിട്ടുണ്ട്. ഗ്ലോറിയ ഗ്ലോബൽ ടൂർസിന് ഡൽഹി, കോട്ടയം, തൃശൂർ എന്നീ നഗരങ്ങളിൽ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും വിശ്വാസ്യതയും ഗുണമേന്മയുമുള്ള സേവനം ഉറപ്പാക്കുന്നതായും അധികൃതർ അറിയിച്ചു.

പരിമിതമായ സീറ്റുകൾ മാത്രമുള്ളതിനാൽ താത്പര്യമുള്ളവർ എത്രയും വേഗം ബുക്കിംഗ് ഉറപ്പാക്കണമെന്ന് അധികൃതർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി ബന്ധപ്പെടുക: 98107 95980, 9211445571.

സൊസൈറ്റി ടുഡേ
SOCIETY TODAY

# യുഎഇയിൽ ഇന്ത്യ ഓപ്പർച്ച്യൂണിറ്റീസ് ഫണ്ടിന് തുടക്കമിട്ട് ബർജീൽ ജിയോജിത്

**കൊച്ചി:** യുഎഇയിൽ മ്യൂച്ചൽ ഫണ്ട് ലൈസൻസ് ലഭിച്ച ജിയോജിത്തിന്റെ സംയുക്തസംരംഭമായ ബർജീൽ ജിയോജിത് ആദ്യ പദ്ധതിയായ ഇന്ത്യ ഓപ്പർച്യൂണിറ്റീസ് ഫണ്ടിന് (എൻഎഫ്ഒ) തുടക്കമിട്ടു. പ്രാദേശികവുംആഗോളവുമായ വിപണികളെ ഉൾപ്പെടുത്തിക്കൊണ്ട് ബർജീൽ ജിയോജിത് അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഫണ്ടുകളിലെ ആദ്യത്തേതാണിത്. യുഎഇ നിയമങ്ങൾ അനുസരിച്ചുള്ള അംബ്രല്ല ഫണ്ടാണ് ഇന്ത്യ ഓപ്പർച്യൂണിറ്റീസ് ഫണ്ട്.

ഇന്ത്യയിലെ വിവിധ വ്യാവസായിക, സേവന മേഖലകളിലെ 10 സബ് ഫണ്ടുകളായിട്ടാണ് പ്രവാസികൾക്കും വിദേശികൾക്കും നിക്ഷേപിക്കാവുന്ന രീതിയിൽ ഇന്ത്യ ഓപ്പർച്യൂണിറ്റീസ് ഫണ്ട് ഒരുക്കിയിരിക്കുന്നത്.

പുതിയ ഫണ്ട് 2026 ജനുവരി 14 മുതൽ ഫെബ്രുവരി 13 വരെ സബ്സ്ക്രിപ്ഷനായി ലഭ്യമാണ്. യുഎസ് ഡോളർ അടിസ്ഥാനമാക്കിയുള്ള ഈ ഫണ്ടിൽ കുറഞ്ഞത് 5,000 യുഎസ് ഡോളർ നിക്ഷേപിക്കണം. ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് ബിസിനസിലേക്കുള്ള പ്രവേശനം ബർജീൽ ജിയോജിത്തിനെ സംബന്ധിച്ചിടത്തോളം ഒരു സുപ്രധാന നാഴികക്കല്ലാണ്. ഇത് ഫണ്ട് മാനേജ്മെന്റിന്റെ ആഗോള കേന്ദ്രമാകാനുള്ള യുഎഇയുടെ ലക്ഷ്യത്തോട് ചേർന്നുനിൽക്കുന്നതാണെന്ന് ബർജീൽ ജിയോജിത് ചെയർമാൻ ഷെയ്ഖ് സുൽത്താൻ ബിൻ സൗദ് അൽ ഖാസിമി പറഞ്ഞു. പരിചയസമ്പന്നരായ പ്രൊഫഷണലുകൾ കൈകാര്യംചെയ്യുന്ന ബർജീൽ ജിയോജിത് ഇന്ത്യ ഓപ്പർച്യുണിറ്റീസ് ഫണ്ട് പ്രവാസികളും വിദേശീയരുമായ നിക്ഷേപകർക്ക് ഇന്ത്യയുടെ ദീർഘകാലവളർച്ചയിൽ പങ്കുചേരാൻ മികച്ച അവസരം നൽകുമെന്ന് ജിയോജിത് ഫിനാൻഷ്യൽ സർവീസസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ സി.ജെ. ജോർജ് പറഞ്ഞു.

ബർജീൽ ജിയോജിത് ഇന്ത്യ ഓപ്പർച്യുണിറ്റീസ് ഫണ്ടിലെ ഓരോ സബ് ഫണ്ടും ഇന്ത്യയിൽ നിക്ഷേപം നടത്തുന്ന ഒരു അണ്ടർടേക്കിംഗ്സ് ഫോർ കളക്റ്റീവ് ഇൻവെസ്റ്റ്മെന്റ് ഇൻ ട്രാൻസ്ഫറബിൾ സെക്യൂരിറ്റീസ്(യുസിഐടിഎസ്) നിയന്ത്രിത ഫണ്ടിലായിരിക്കും നിക്ഷേപിക്കുക.

# ലക്ഷദ്വീപിൽ ഫിഷറീസ് ഹബ് വേണം

**കൊച്ചി:** ലക്ഷദ്വീപിലെ മത്സ്യമേഖലയുടെ വികസനത്തിന് എല്ലാ ദ്വീപുകളെയും ബന്ധിപ്പിക്കുന്ന വിധത്തിൽ സംയോജിത ഫിഷറീസ് ഹബ്ബ് സ്ഥാപിക്കണമെന്ന് നിർദ്ദേശം. മത്സ്യ വിപണനം സുഗമമാക്കുന്നതിനും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിനുമുള്ള ഏകജാലക സംവിധാനം യാഥാർത്ഥ്യമാക്കാൻ ഈ നീക്കം അനിവാര്യമാണെന്ന് കവരത്തിൽ നടന്ന മത്സ്യമേളയുടെ സമാപന സംഗമം അഭിപ്രായപ്പെട്ടു. സിഎംഎഫ്ആർഐക്ക് കീഴിലുള്ള ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ദ്വീപ് ഫിഷറീസ് വകുപ്പുമായി ചേർന്നാണ് മത്സ്യമേള സംഘടിപ്പിച്ചത്. ശാസ്ത്രീയമായ വിപണനം, കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ, മൂല്യവർധിത യൂണിറ്റുകൾ, കയറ്റുമതി സൗകര്യങ്ങൾ എന്നിവ ഒരേ കുടക്കീഴിൽ കൊണ്ട് വരാൻ ഫിഷറീസ് ഹബ് വഴി സാധിക്കും. ഇത് ലക്ഷദ്വീപിലെ ട്യൂണ (ചൂര ) മത്സ്യബന്ധന മേഖലക്ക് കരുത്താകുമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടി. അനുയോജ്യമായ സ്ഥലങ്ങളിൽ കൂട് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് മുന്നോടിയായി ശാസ്ത്രീയ സ്ഥലനിർണയം അനിവാര്യമാണ്. പവിഴപ്പുറ്റുകളെയും മറ്റ് പ്രകൃതിദത്ത സ്രോതസ്സുകളെയും സംരക്ഷിച്ചുകൊണ്ട് തന്നെ കടൽപായൽ കൃഷി, അലങ്കാര മത്സ്യകൃഷി എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും. സുസ്ഥിരമായ മത്സ്യബന്ധനത്തിന് ശാസ്ത്രീയമായ രീതിയിലുള്ള ഡേറ്റ ശേഖരണം അത്യാവശ്യമാണ്. ഇതിനായി മത്സ്യത്തൊഴിലാളികളെയും ശാസ്ത്രജ്ഞരെയും കോർത്തിണക്കിക്കൊണ്ടുള്ള 'സിറ്റിസൺ സയൻസ്' പദ്ധതികൾക്ക് പ്രാധാന്യം നൽകണം. മത്സ്യത്തൊഴിലാളികൾ, ഗവേഷകർ, സഹകരണ സംഘങ്ങൾ, സംരംഭകർ എന്നിവരുടെ ഏകോപിത പ്രവർത്തനം ദ്വീപിന്റെ വികസനത്തിന് ആവശ്യമാണെന്ന് മത്സ്യമേളയിൽ നടന്ന ഗവേഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും സംഗമം വിലയിരുത്തി. സമാപന ചടങ്ങിൽ ലക്ഷദ്വീപ് ഫിഷറീസ് ഡയറക്ടർ കെ. ബുസർ ജംഹർ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, ലക്ഷദ്വീപ് കെ.വി.കെ മേധാവി ഡോ. പി. എൻ ആനന്ദ് എന്നിവർ സംസാരിച്ചു.




# പുരസ്കാര നിറവിൽ സൗത്ത് ഇന്ത്യൻ ബാങ്ക്


**കൊച്ചി:** മികച്ച സാങ്കേതിക മുന്നേറ്റം കാഴ്ചവച്ച ബാങ്കുകൾക്കായി ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ ഏർപ്പെടുത്തിയ പുരസ്കാരങ്ങളിൽ ആറു പുരസ്കാരങ്ങൾ സ്വന്തമാക്കി സൗത്ത് ഇന്ത്യൻ ബാങ്ക്. ഐബിഎയുടെ 2024-2025 വാർഷിക ബാങ്കിങ് ടെക്നോളജി പുരസ്കാരങ്ങളാണ് എസ്ഐബി സ്വന്തമാക്കിയത്. ബാങ്കിംഗ് മേഖലയിലെ മികച്ച സാങ്കേതിക പ്രതിഭകളെ വളർത്തിയെടുക്കുന്ന സ്ഥാപനത്തിനുള്ള 'ബെസ്റ്റ് ടെക് ടാലന്റ്' പുരസ്കാരം തുടർച്ചയായ രണ്ടാം വർഷവും സൗത്ത് ഇന്ത്യൻ ബാങ്ക് സ്വന്തമാക്കി.ബാങ്കുകളുടെ ഡിജിറ്റൽ പരിണാമം, സാങ്കേതിക മുന്നേറ്റത്തിലെ മികവ് എന്നിവ പരിഗണിച്ച് ഏഴു വിഭാഗങ്ങളിലായി ഏർപ്പെടുത്തിയ പുരസ്കാരങ്ങളിൽ ആറെണ്ണമാണ് സൗത്ത് ഇന്ത്യൻ ബാങ്ക് സ്വന്തമാക്കിയത്. മികച്ച ടെക് ടാലന്റ് വിഭാഗത്തിൽ ഒന്നാം സ്ഥാനവും മികച്ച എ. ഐ മെഷീൻ ലേർണിംഗ് അഡോപ്ഷൻ, മികച്ച ടെക് ബാങ്ക്, മികച്ച ഡിജിറ്റൽ സെയിൽസ് എന്നീ വിഭാഗങ്ങളിൽ രണ്ടാം സ്ഥാനവും, മികച്ച ഫിൻടെക് ആൻഡ് ഡിജിറ്റൽ പേയ്മെന്റ് ഇൻഡക്സ് അഡോപ്ഷൻ, മികച്ച ഐടി ആൻഡ് റിസ്ക് മാനേജ്മെൻറ് എന്നീ വിഭാഗങ്ങളിൽ പ്രത്യേക പരാമർശവും സൗത്ത് ഇന്ത്യൻ ബാങ്ക് നേടി.

## ബന്ധൻ മ്യൂച്വൽ ഫണ്ട് രണ്ട് ഇടിഎഫ് ഫണ്ടുകൾ ആരംഭിച്ചു

**കൊച്ചി:** ബന്ധൻ മ്യൂചൽ ഫണ്ട് ബന്ധൻ ഗോൾഡ് ഇടിഎഫ് എഫ്ഒഎഫ്, ബന്ധൻ സിൽവർ ഇടിഎഫ് എഫ്ഒഎഫ് എന്നിവ ആരംഭിച്ചു. പുതിയ ഫണ്ട് ഓഫറുകൾ (എൻഎഫ്ഒകൾ) ഈ മാസം 20ന് അവസാനിക്കും. വിലയേറിയ ലോഹ നിക്ഷേപം എളുപ്പത്തിലും മികച്ച രീതിയിലും കൂടുതൽ നിക്ഷേപകർക്ക് കൂടുതൽ ആക്സസ് ചെയ്യാവുന്നതിനുമാണ് ഈ ഓഫറുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ബന്ധൻ എഎംസി സിഇഒ വിശാൽ കപൂർ പറഞ്ഞു.

ബന്ധൻ ഗോൾഡ് ഇടിഎഫ് എഫ്ഒഎഫിലും ബന്ധൻ സിൽവർ ഇടിഎഫ് എഫ്ഒഎഫിലും നിക്ഷേപം ലൈസൻസുള്ള മ്യൂചൽ ഫണ്ട് വിതരണക്കാർ, നിക്ഷേപ ഉപദേഷ്ടാക്കൾ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, അല്ലെങ്കിൽ https://bandhanmutual.com/campaign/nfo/ എന്ന വിലാസത്തിൽ നേരിട്ട് നടത്താം. പോർട്ട്ഫോളിയോ പ്രതിരോധശേഷി വർദ്ധിപ്പിക്കാനും, ആസ്തികളിലുടനീളം വൈവിധ്യവൽക്കരിക്കാനും, ലളിതവും കാര്യക്ഷമവുമായ നിക്ഷേപ മാർഗത്തിലൂടെ വിലയേറിയ ലോഹങ്ങൾക്കായുള്ള ആഗോള ഡിമാൻഡിൽ പങ്കാളികളാകാനും ആഗ്രഹിക്കുന്ന നിക്ഷേപകർക്ക് ബന്ധൻ ഗോൾഡ് ഇടിഎഫ് എഫ്ഒഎഫും ബന്ധൻ സിൽവർ ഇടിഎഫ് എഫ്ഒഎഫും അനുയോജ്യമാണ്.

## തിയറി സബാഗ് നിസാൻ ഇന്ത്യ പ്രസിഡന്റ്



**കൊച്ചി:** തിയറി സബാഗിനെ നിസാൻ ഇന്ത്യയുടെ പ്രസിഡന്റായി നിയമിച്ചു. നിലവിൽ മിഡിൽ ഈസ്റ്റ്, കെഎസ്എ, സിഎഎസ് എന്നീ പ്രദേശങ്ങളുടെ ഡിവിഷണൽ വൈസ് പ്രസിഡന്റായ തിയറി സബാഗിന്റെ ചുമതല ഇന്ത്യയിലേക്ക് കൂടി വ്യാപിപ്പിക്കുകയാണ് നിസാൻ. 2026ൽ പുതിയ മൂന്ന് വാഹനങ്ങൾ പുറത്തിറക്കുന്നതിന് മുന്നോടിയിപുനരുദ്ധാരണ പദ്ധതി ശക്തിപ്പെടുത്താനും പ്രവർത്തന മികവ്, ഉപഭോക്തൃ ശ്രദ്ധ എന്ന മെച്ചപ്പെടുത്തുകയുമാണ് നിയമനത്തിന്റെ ലക്ഷ്യം.



## മെട്രോ റോളിംഗ് സ്റ്റോക്ക് ഓപ്പറേഷൻസ്: ദേശീയ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് റോളിംഗ് സ്റ്റോക്ക് വർക്കിംഗ് ഗ്രൂപ്പ് എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ ദേശീയ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഡയറക്ടർ (പ്രോജക്ട്സ്) ഡോ. എം.പി രാംനവാസ് ഉദ്ഘാടനം ചെയ്തു. രാജ്യത്തെ 13 മെട്രോ റെയിൽ സംവിധാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, ഭവനനഗരകാര്യ മന്ത്രാലയത്തിന്റെ ഉദ്യോഗസ്ഥർ, ഐ മെട്രോയുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. റോളിംഗ് സ്റ്റോക്ക് പരിപാലന രീതികൾ, വിശ്വാസ്യത വർധിപ്പിക്കൽ, ലൈഫ് സൈക്കിൾ മാനേജ്മെന്റ്, മെട്രോ റെയിൽ സംവിധാനങ്ങളിൽ സ്വീകരിക്കാവുന്ന മികച്ച പ്രവർത്തന മാതൃകകൾ തുടങ്ങിയ വിഷയങ്ങൾ വർക്ക്ഷോപ്പ് വിശദമായി വിലയിരുത്തി. വിവിധ മെട്രോ സ്ഥാപനങ്ങൾ നേരിടുന്ന പ്രവർത്തനാനുഭവങ്ങൾ പങ്കുവെക്കുന്നതിനും പൊതുവായ വെല്ലുവിളികൾക്ക് സംയുക്ത പരിഹാരങ്ങൾ കണ്ടെത്തുന്നതിനും വർക്ക്ഷോപ്പ് വേദിയൊരുക്കി. രാജ്യവ്യാപകമായി റോളിംഗ് സ്റ്റോക്ക് പരിപാലന പ്രോട്ടോകോളുകളും പ്രവർത്തന മാനദണ്ഡങ്ങളും ഏകീകരിക്കുന്നതിന്റെ ഭാഗമായാണ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചത്.

കെ.എം.ആർ.എൽ ചീഫ് ജനറൽ മാനേജർ എ. മണികണ്ഠൻ, പൂനെ മെട്രോയിലെ എക്സിക്യൂട്ടീവ് ഡയറക്ടർ അരുൺ ധാർമിക്, ഉത്തർപ്രദേശ് മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിലെ (ഡജങ്ങഞഇഘ) ചീഫ് എഞ്ചിനീയർ ഷമീം അഹമ്മദ് എന്നിവരടക്കം വിവിധ മെട്രോ റെയിൽ സ്ഥാപനങ്ങളിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥർ വർക്ക്ഷോപ്പിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഐഎസ്എല്ലിൽ കേരള ബ്ലാസ്റ്റേഴ്സ് കളിക്കും; ഫെബ്രുവരിയിൽ തുടക്കം

## ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷനുമായും (എഐഎഫ്എഫ്) മറ്റ് അധികൃതരുമായും നടത്തിയ ചർച്ചകൾക്ക് ശേഷമാണ് ക്ലബ്ബ് പങ്കാളിത്തം ഉറപ്പാക്കിയത്




**കൊച്ചി:** വരാനിരിക്കുന്ന ഇന്ത്യൻ സൂപ്പർ ലീഗ് (ഐഎസ്എൽ) സീസണിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി. പങ്കെടുക്കും. 2026 ഫെബ്രുവരിയിൽ സീസൺ ആരംഭിക്കാനാണ് നിലവിൽ തീരുമാനിച്ചിരിക്കുന്നത്. ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷനുമായും (എഐഎഫ്എഫ്) മറ്റ് അധികൃതരുമായും നടത്തിയ ചർച്ചകൾക്ക് ശേഷമാണ് ക്ലബ്ബ് പങ്കാളിത്തം ഉറപ്പാക്കിയത്. ഈ വിഷയത്തിൽ കൃത്യസമയത്ത് ഇടപെടുകയും ചർച്ചകൾക്ക് മധ്യസ്ഥത വഹിക്കുകയും ചെയ്ത കേന്ദ്ര കായിക മന്ത്രാലയത്തിന് ക്ലബ്ബ് നന്ദി അറിയിച്ചു.

നിലവിലെ സാഹചര്യങ്ങളിൽ ആരാധകർക്കുള്ള ആശങ്കകൾ ക്ലബ്ബ് തിരിച്ചറിയുന്നുണ്ട്. ചില പ്രധാന വിഷയങ്ങളിൽ കൂടുതൽ വ്യക്തത ലഭിക്കാനുണ്ട്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്ലബ്ബ് സജീവമായി പരിശോധിച്ചു വരികയാണ്. ഇന്ത്യൻ ഫുട്ബോൾ വലിയ മാറ്റങ്ങളിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ, കായികരംഗത്തിന്റെ ഭാവി മുൻനിർത്തി എല്ലാവരുമായും സഹകരിച്ച് മുന്നോട്ട് പോകാനാണ് ബ്ലാസ്റ്റേഴ്സിന്റെ തീരുമാനം. വിഷയങ്ങളിൽ കൂടുതൽ വ്യക്തത ലഭിക്കുന്ന മുറയ്ക്ക് വരും ദിവസങ്ങളിൽ കൂടുതൽ വിവരങ്ങൾ ഔദ്യോഗികമായി അറിയിക്കും.

# യുടിഐ ഫ്ളെക്സി ക്യാപ് ഫണ്ട്: ആസ്തികൾ 24,900 കോടി രൂപ കടന്നു

**കൊച്ചി:** യുടിഐ ഫ്ളെക്സി ക്യാപ് ഫണ്ട് കൈകാര്യം ചെയ്യുന്ന ആസ്തികൾ 24,900 കോടി രൂപ കടന്നതായി 2025 ഡിസംബർ 31ലെ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു. നിക്ഷേപകർക്ക് സാമ്പത്തിക മൂല്യം നേടാനായി മികച്ച ബിസിനസ്സുകളിൽ നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്ന ഏതൊരു ദീർഘകാല നിക്ഷേപകനും യുടിഐ ഫ്ളെക്സി ക്യാപ് ഫണ്ട് അനുയോജ്യമാണെന്ന് കമ്പനി അധികൃതർ അവകാശപ്പെടുന്നു. ആകെ ആസ്തിയുടെ കുറഞ്ഞത് 65 ശതമാനമെങ്കിലും ലാർജ്ക്യാപ്, മിഡ്ക്യാപ് അല്ലെങ്കിൽ സ്മോൾക്യാപ് എന്നിങ്ങനെ വിവിധ വിപണി മൂല്യമുള്ള കമ്പനികളിൽ നിക്ഷേപിക്കുന്ന ഓപ്പൺഎൻഡഡ് ഇക്വിറ്റി ഫണ്ടുകളാണ് ഫ്ളെക്സിക്യാപ് ഫണ്ടുകൾ. ഈ വിഭാഗത്തിലെ തുടക്കത്തിലെ ഫണ്ടുകളിൽ ഒന്നായ യുടിഐ ഫ്ളെക്സി ക്യാപ് ഫണ്ട് 1992ലാണ് ആരംഭിച്ചത്. ദീർഘകാലാടിസ്ഥാനത്തിൽ സ്ഥിരതയാർന്ന പ്രകടനം നടത്തിയ ചരിത്രമാണ് ഈ ഫണ്ടിനുള്ളത്. നിക്ഷേപങ്ങളിൽ വളർച്ചാ ശൈലി പിന്തുടരുന്ന ഈ ഫണ്ട് വിപണിയിലെ എല്ലാത്തരം മൂലധന വിഭാഗങ്ങളിലും നിക്ഷേപം നടത്തുന്നു. 2025 ഡിസംബർ 31ലെ കണക്കനുസരിച്ച് ഈ പദ്ധതിയുടെ മൊത്തം നിക്ഷേപത്തിന്റെ ഏകദേശം 45 ശതമാനവും എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ്, ബജാജ് ഫിനാൻസ് ലിമിറ്റഡ്, ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്, എറ്റേണൽ ലിമിറ്റഡ്, കോട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്, ഇൻഫോഎഡ്ജ് ഇന്ത്യ ലിമിറ്റഡ്, പെർസിസ്റ്റന്റ് സിസ്റ്റംസ് ലിമിറ്റഡ്, ടൈറ്റൻ കമ്പനി ലിമിറ്റഡ്, എൽടിഐ മൈൻഡ്ട്രീ ലിമിറ്റഡ്, ഭാരതി എയർടെൽ എന്നീ പത്ത് മുൻനിര കമ്പനികളിലാണ്. പ്രധാന ഇക്വിറ്റി പോർട്ട്ഫോളിയോ വളർത്താൻ ആഗ്രഹിക്കുന്നവർക്കും, സാമ്പത്തിക മൂല്യം സൃഷ്ടിക്കുന്ന മികച്ച ബിസിനസ്സുകളിൽ നിക്ഷേപിച്ച് ദീർഘകാല മൂലധന വളർച്ച നേടാൻ ആഗ്രഹിക്കുന്നവർക്കും യുടിഐ ഫ്ളെക്സി ക്യാപ് ഫണ്ട് അനുയോജ്യമാണ്. മിതമായ റിസ്ക് എടുക്കാൻ തയ്യാറുള്ളവരും, ദീർഘകാല സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി കുറഞ്ഞത് 5 മുതൽ 7 വർഷം വരെയെങ്കിലും നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്നവരുമായ നിക്ഷേപകർക്ക് ഈ ഫണ്ട് പരിഗണിക്കാവുന്നതാണ്.

# ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ നാളെ തുടങ്ങും

**കൊച്ചി:** കേരള വ്യവസായ വകുപ്പിന്റേയും, കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെയും സഹകരണത്തോടെ കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷനും, മെട്രോമാർട്ടും ചേർന്ന് സംഘടിപ്പിക്കുന്ന രണ്ടാമത് ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയും വ്യവസായി മഹാസംഗമവും ജനുവരി 16, 17, 18 തീയതികളിൽ അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കും. ജനുവരി 16ന് രാവിലെ 10.30ന് മന്ത്രി കെ. കൃഷ്ണൻകുട്ടി എക്സ്പോയുടെ ഉദ്ഘാടനം നിർവഹിക്കും. ജനുവരി 18ന്, വൈകീട്ട് 5.30ന് എക്സ്പോയുടെ സമാപനവും വ്യവസായി മഹാസംഗമവും മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയാകും. മന്ത്രി പി. രാജീവ് മുഖ്യ പ്രഭാഷണം നടത്തും. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, തുടങ്ങിയവരും വ്യവസായ സംഗമത്തിൽ പങ്കെടുക്കും. ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും വലിയ അന്താരാഷ്ട്ര വ്യവസായ എക്സ്പോയുടെ ഭാഗമായി അഞ്ഞൂറോളം സ്റ്റാളുകളിലായി 50,000 ത്തോളം ഉത്പന്നങ്ങൾ പരിചയപ്പെടുത്തും.

പ്രമുഖ മെഷിനറി നിർമ്മാതാക്കൾ, അവരുടെ ഉത്പന്നങ്ങളും, നൂതന സാങ്കേതികവിദ്യകളും, മേളയിൽ പ്രദർശിപ്പിക്കും. എക്സ്പോയോട് അനുബന്ധിച്ച് എറണാകുളം പ്രസ് ക്ലബുമായി ചേർന്ന് 'ദൃശ്യതയിലൂടെ വിശ്വാസ്യതയിലേക്ക്: മാധ്യമങ്ങൾ ബിസിനസ്സ് വിജയത്തെ എങ്ങനെ രൂപപ്പെടുത്തുന്നു' എന്ന വിഷയത്തിൽ മാധ്യമസംഗമം നടക്കും. രണ്ടാം ദിവസം 'അടിസ്ഥാന തലത്തിൽ വ്യവസായ സൗഹൃദത്തിന്റെ പ്രായോഗിക നിർവ്വഹണവും ഭരണവും' എന്ന വിഷയത്തെ കേന്ദ്രീകരിച്ചു എക്സ്പോയിൽ സെമിനാർ നടക്കും. സെമിനാർ ഉദ്ഘാടനം മന്ത്രി എം.ബി. രാജേഷ് നിർവഹിക്കും. കേരള വ്യവസായ വാണിജ്യ വകുപ്പിന്റെ കേരള പവലിയനും മേളയുടെ ഭാഗമായി ഒരുക്കും. വ്യവസായങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക്, മെഷിനറി നിർമ്മാതാക്കളുമായി ബന്ധപ്പെടുന്നതിനായുള്ള ഹെൽപ് ഡെസ്കുകൾ വായ്പകൾ എളുപ്പത്തിൽ ലഭ്യമാക്കാൻ സഹായിക്കുന്നതിനായി, വിവിധ ബാങ്കുകളുടെ ഹെൽപ്പ്ഡെസ്കുകൾ എന്നിവ ഉണ്ടാകും.കേരളത്തിലെ 14 ജില്ലകളിൽ നിന്നായി കെ.എസ്.എസ്.ഐ.എ അംഗങ്ങളായ പതിനായിരത്തിലധികം വ്യവസായികളും, കെ.എസ്.എസ്.എ.ഐ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള പതിനെട്ട് വ്യവസായഅനുബന്ധ മേഖലയിലെ വ്യവസായികളും, വ്യവസായി മഹാസംഗമത്തിന്റെ ഭാഗമാകും.

# മഹീന്ദ്ര സാരഥി അഭിയാൻ 12ാം പതിപ്പ് പ്രഖ്യാപിച്ചു

**കൊച്ചി:** മഹീന്ദ്ര ട്രക്ക് ആൻഡ് ബസ് ബിസിനസിന്റെ സി.എസ്.ആർ പദ്ധതിയായ മഹീന്ദ്ര സാരഥി അഭിയാന്റെ പന്ത്രണ്ടാം പതിപ്പ് പ്രഖ്യാപിച്ചു. പത്താം ക്ലാസ് പരീക്ഷ പാസായി ഉപരിപഠനം നടത്തുന്ന ട്രക്ക് ഡ്രൈവർമാരുടെ 1000 പെൺമക്കൾക്ക് 10,000 രൂപ വീതം സ്കോളർഷിപ്പ് നൽകാനാണ് ഈ പതിപ്പിലൂടെ ലക്ഷ്യമിടുന്നത്. സാധാരണക്കാരായ ട്രക്ക് ഡ്രൈവർമാരുടെ പെൺമക്കൾക്ക് ജീവിതത്തിൽ മുന്നേറാനും പത്താം ക്ലാസിന് ശേഷം വിദ്യാഭ്യാസം തുടരാനും തുല്യ അവസരം ഉറപ്പാക്കുന്ന ഈ സംരംഭത്തിന് തുടക്കം കുറിച്ച ആദ്യത്തെ കൊമേഴ്സ്യൽ വെഹിക്കിൾ നിർമാതാക്കളിൽ ഒന്നാണ് മഹീന്ദ്ര. 2014ൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ ഇതുവരെ 11,029 പെൺകുട്ടികൾക്ക് പ്രയോജനം ലഭിച്ചു. 11 കോടിയിലധികം രൂപ മൂല്യമുള്ള 11,029 സ്കോളർഷിപ്പുകളാണ് നൽകിയത്. ഇന്ത്യയിലുടനീളമുള്ള 75ലധികം ട്രാൻസ്പോർട്ട് ഹബ്ബുകൾ കേന്ദ്രീകരിച്ച് സുതാര്യവും സ്വതന്ത്രവുമായ പ്രക്രിയയിലൂടെയാണ് അർഹരായവരെ തിരഞ്ഞെടുക്കുന്നത്.

